# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം-686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 ഓഗസ്റ്റ് 31

## വാർത്താക്കുറിപ്പ്

---

## വായു മലിനീകരണം നിരീക്ഷിക്കുന്ന സംസ്ഥാനത്തെ ആദ്യ മൊബൈൽ സ്റ്റേഷൻ എം.ജി. സർവകലാശാലയിൽ

**- ഏതുസ്ഥലത്തേയും വായു മലിനീകരണം അറിയാം**

**- വാഹനത്തിന്റെ ഫ്ളാഗ് ഓഫ് സെപ്റ്റംബർ മൂന്നിന്**

വായു മലിനീകരണം നിരന്തരം നിരീക്ഷിക്കുന്നതിനുള്ള കേരളത്തിലെ ആദ്യ സഞ്ചരിക്കുന്ന മൊബൈൽ ആംബിയന്റ് എയർ ക്വാളിറ്റി മോണിറ്ററിംഗ് സ്റ്റേഷൻ (എം.എ.എ.ക്യു.എം.എസ്.) മഹാത്മാ ഗാന്ധി സർവകലാശാലയിൽ. വിവിധ സ്ഥലങ്ങളിലെ വായു മലിനീകരണത്തിന്റെ അളവ് നിരന്തര നിരീക്ഷണത്തിലൂടെ കണ്ടെത്താനും ആരോഗ്യ മുന്നറിയിപ്പുകൾ നൽകാനും സഹായകമായ മൊബൈൽ സംവിധാനമാണ് എം.ജി. സർവകലാശാല സ്കൂൾ ഓഫ് എൻവയൺമെന്റൽ സയൻസസിന്റെ കീഴിൽ തയ്യാറായത്. അന്തരീക്ഷത്തിലെ രണ്ടുതരത്തിലുള്ള പൊടിപടലങ്ങൾ, കാർബൺ ഡയോക്സൈഡ്, നൈട്രജൻ ഓക്സൈഡ്, നൈട്രജൻ ഡയോക്സൈഡ്, സൾഫർ ഡയോക്സൈഡ്, ഓസോൺ എന്നിവയുടെ തോത് നിരീക്ഷിക്കാൻ ഈ സംവിധാനത്തിലൂടെ കഴിയും. മിനിറ്റുകളുടെ വ്യത്യാസത്തിലുണ്ടാകുന്ന വായു മലിനീകരണത്തിലെ ചെറിയ മാറ്റങ്ങൾ പോലും കണ്ടുപിടിക്കാനാകും.

കേരളത്തിൽ നിലവിൽ ആകെ 34 സ്ഥലങ്ങളിലാണ് അന്തരീക്ഷ മലിനീകരണത്തിന്റെ അളവ് നിരീക്ഷിക്കുന്നത്. തുടർച്ചയായി വായു മലിനീകരണ നിരീക്ഷണ സംവിധാനമുള്ളത് തിരുവനന്തപുരത്ത് മാത്രമാണ്. ഇത് സ്ഥിരം സംവിധാനമായതിനാൽ മറ്റു സ്ഥലങ്ങളിലേക്ക് കൊണ്ടുപോകാൻ സാധിക്കില്ല. ഈ പരിമിതി മറികടക്കുന്നതാണ് എം.ജി.യുടെ എം.എം.എ.ക്യു.എം.എസ്. വിവിധ സ്ഥലങ്ങളിലെ വ്യത്യസ്ത സമയത്തെ മലിനീകരണതോത് മൊബൈൽ സ്റ്റേഷനിലെ അത്യാധുനിക ഉപകരണങ്ങളിലൂടെ കണ്ടെത്താൻ കഴിയും. മലിനീകരണം സംബന്ധിച്ച വിവരങ്ങൾ മലിനീകരണ നിയന്ത്രണ ബോർഡിന് നൽകുന്നതുവഴി ഭാവിയിലെ മലിനീകരണ നിയന്ത്രണ നയം ഗുണകരമായി നടപ്പാക്കാൻ സഹായിക്കുന്നു.

വാഹനത്തിന്റെ ഫ്ളാഗ് ഓഫ് സെപ്റ്റംബർ മൂന്നിന് രാവിലെ 9.30ന് സ്കൂൾ ഓഫ് എൻവയൺമെന്റൽ സയൻസസ് അങ്കണത്തിൽ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് നിർവഹിക്കും. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാൻ ഡോ. അജിത് ഹരിദാസ്, സർവകലാശാല പ്രോ വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ, സിൻഡിക്കേറ്റംഗങ്ങളായ അഡ്വ. പി.കെ. ഹരികുമാർ, പ്രൊഫ. കെ. ജയചന്ദ്രൻ, സ്കൂൾ ഓഫ് എൻവയൺമെന്റൽ സയൻസസ് ഡയറക്ടർ ഡോ. ഇ.വി. രാമസ്വാമി, സജിമോൻ, ഡോ. മഹേഷ് മോഹൻ, ഡോ. കെ.ആർ. ബൈജു, ഡോ. വി.പി. സൈലസ് എന്നിവർ പങ്കെടുക്കും. ഇതോടനുബന്ധിച്ച് സംഘടിപ്പിക്കുന്ന പ്രഭാഷണ പരിപാടിയിൽ പ്രൊഫ. മധുമിക അഗർവാൾ, പ്രൊഫ. അഗർവാൾ, പ്രൊഫ. ഉഷ, ഡോ. അഭിലാഷ് എന്നിവർ വായു മലിനീകരണവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ പ്രബന്ധം അവതരിപ്പിക്കും.

## ഫോട്ടോ ക്യാപ്ഷൻ

**വായു മലിനീകരണം നിരന്തരം നിരീക്ഷിക്കുന്നതിനായി മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് എൻവയൺമെന്റൽ സയൻസസ് ഒരുക്കിയ കേരളത്തിലെ ആദ്യ സഞ്ചരിക്കുന്ന മൊബൈൽ ആംബിയന്റ് എയർ ക്വാളിറ്റി മോണിറ്ററിംഗ് സ്റ്റേഷൻ**

(പി.ആർ.ഒ./39/1612/2019)

## അഞ്ചുജില്ലകളിൽ അന്തരീക്ഷത്തിലെ അപകടകാരിയായ പൊടിപടലങ്ങളുടെ തോത് പരിധിക്ക് പുറത്ത്

**- പഠനം നടത്തിയത് എം.ജി. സർവകലാശാല സ്കൂൾ ഓഫ് എൻവയൺമെന്റൽ സയൻസസ്**
**- നൈട്രജൻ ഓക്സൈഡ്, സൾഫർ ഡൈ ഓക്സൈഡുകളുടെ തോത് പരിധിക്കുള്ളിൽ**
**- കൂടുതൽ എറണാകുളത്ത്**

കോട്ടയം, എറണാകുളം, കണ്ണൂർ, പാലക്കാട്, വയനാട് എന്നിവിടങ്ങളിൽ അന്തരീക്ഷ മലിനീകരണമുണ്ടാക്കുന്ന പൊടിപടലങ്ങൾ കൂടുതലെന്ന് പഠനം. അന്തരീക്ഷ മലിനീകരണത്തിന് കാരണമാകുന്ന 2.5 മൈക്രോമീറ്ററിന് താഴെയുള്ള അപകടകാരികളായ കണികാ പദാർഥങ്ങളുടെ അളവ് നിശ്ചിത വാർഷിക പരിധിക്ക് മുകളിലാണെന്ന് മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് എൻവയൺമെന്റൽ സയൻസസ് നടത്തിയ പഠനം വ്യക്തമാക്കുന്നു.

ഒരു ക്യുബിക് മീറ്റർ വായുവിലുള്ള 2.5 മൈക്രോണിന് താഴെയുള്ള കണികാപദാർഥങ്ങളുടെ മൈക്രോഗ്രാം അളവിന്റെ നിശ്ചിത വാർഷിക പരിധി രാജ്യത്ത് 40 ആണ്. ലോകാരോഗ്യ സംഘടന നിർദ്ദേശിക്കുന്ന പരിധി 10 ആണ്. പൊടിപടലങ്ങളുടെ അളവ് ഏറ്റവും കൂടുതൽ കണ്ടെത്തിയത് എറണാകുളം വൈറ്റിലയിലാണ് - 92. കോട്ടയം കെ.കെ. റോഡിൽ ഇത് 80ഉം കണ്ണൂരിൽ 50ഉം പാലക്കാട് കഞ്ചിക്കോട്ട് 60ഉം വയനാട് സുൽത്താൻ ബത്തേരിയിൽ 63ഉം തിരുവനന്തപുരത്ത് 42ഉം ആണ്. കട്ടപ്പന, പത്തനംതിട്ട ജില്ലകളിൽ ഇത് യഥാക്രമം 25, 22 എന്ന നിലയിലാണ്. വാഹനങ്ങളുടെ ആധിക്യവും മാലിന്യം കത്തിക്കുന്നതും നിർമ്മാണ പ്രവർത്തനങ്ങളുമാണ് പൊടിപടലങ്ങൾ കൂടുതലാകാൻ കാരണം. റോഡുകളിലും മാലിന്യം കത്തിക്കുന്ന തുറസ്സായ സ്ഥലങ്ങൾക്ക് സമീപവും വളരെ ഉയർന്നതോതിൽ പൊടിപടലങ്ങളുണ്ട്. ചിലയിടങ്ങളിൽ ചില സമയങ്ങളിൽ ഡൽഹിയിലെ അന്തരീക്ഷ മലിനീകരണ തോതിനൊപ്പം പൊടിപടലങ്ങളുടെ തോത് ഉയരുന്നുണ്ട്.

ഗ്രാമീണ മേഖലയിൽ മലിനീകരണം കുറവാണെങ്കിലും ചില സ്ഥലങ്ങളിൽ പരിധിയിൽ കൂടുതലാണ്. ഇത് പ്രാദേശികമായി മാലിന്യങ്ങൾ കത്തിക്കുമ്പോൾ സംഭവിക്കുന്നതാണെന്ന് പഠനം ചൂണ്ടിക്കാട്ടുന്നു. എന്നാൽ സൾഫർ ഡൈ ഓക്സൈഡ്, നൈട്രജൻ ഓക്സൈഡ് എന്നിവയുടെ അളവ് മിക്ക ജില്ലകളിലും പരിധിക്കുള്ളിലാണ്. എന്നാൽ കോട്ടയത്ത് കെ.കെ. റോഡിലും എറണാകുളത്ത് വൈറ്റിലയിലും തിരുവനന്തപുരത്ത് പി.എം.ജി.യിലും നടത്തിയ പഠനത്തിൽ നൈട്രജൻ ഓക്സൈഡിന്റെ അളവ് നിശ്ചിത പരിധിയായ 40ലും മുകളിലാണ്. എറണാകുളത്ത് ഒരു ക്യുബിക് മീറ്റർ വായുവിൽ 65 മൈക്രോഗ്രാമാണ് നൈട്രജൻ ഓക്സൈഡിന്റെ തോത്. തിരുവനന്തപുരത്ത് 45 ആണ്.

വീടുകൾക്കുള്ളിൽ പൊടിപടലങ്ങൾ മൂലമുള്ള മലിനീകരണം പുറത്തെ അന്തരീക്ഷത്തിലുള്ളതിനേക്കാൾ പതിന്മടങ്ങ് കൂടുതലാണെന്ന് പഠനങ്ങൾക്ക് നേതൃത്വം നൽകിയ പരിസ്ഥിതി ശാസ്ത്രജ്ഞനും സർവകലാശാല പ്രോ വൈസ് ചാൻസലറുമായ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ പറഞ്ഞു. വീടിനുള്ളിലെ വായു സഞ്ചാരം കുറയുന്നതും പൊടിപടലങ്ങൾ അടിഞ്ഞുകൂടുന്നതുമാണ് ഇതിന് കാരണം. വീടിനുള്ളിൽ വായു സഞ്ചാരം കൂട്ടുകയും വീട് ശുചിയാക്കാൻ പ്രകൃതിദത്ത ഉല്പന്നങ്ങൾ ഉപയോഗിക്കുകയും വേണമെന്നും മാലിന്യങ്ങൾ കത്തിക്കാതിരിക്കാൻ ശ്രദ്ധിക്കണമെന്നും പൊതുഗതാഗത സംവിധാനം ശക്തിപ്പെടുത്തണമെന്നും അദ്ദേഹം പറഞ്ഞു. വിവിധ സ്ഥലങ്ങളിൽ വിവിധ സമയങ്ങളിൽ ഒരു വർഷത്തോളം നിരന്തര നിരീക്ഷണം നടത്തിയാണ് മലിനീകരണ തോത് കണക്കാക്കിയതെന്ന് ഗവേഷകനായ ജോൺ റിച്ചാർഡ് പറഞ്ഞു.

ആഗോളതലത്തിൽ വായു മലിനീകരണമുള്ള ആദ്യ 30 നഗരങ്ങളിൽ 22ഉം ഇന്ത്യയിലാണ്. ജലമലിനീകരണത്തിന്റെ പതിന്മടങ്ങ് വേഗത്തിലാണ് അന്തരീക്ഷ മലിനീകരണം ജനങ്ങളെ ബാധിക്കുന്നത്. ലോകത്താകമാനം 70 ലക്ഷം പേരാണ് വായു മലിനീകരണം മൂലം വർഷംതോറും മരിക്കുന്നത്.

(പി.ആർ.ഒ./39/1613/2019)

## പ്രഭാഷണം നടത്തി

പോളിമറുകൾ, മെറ്റലുകൾ, സെറാമിക്സ് എന്നിവ ഉപയോഗിച്ച് സ്റ്റീലിലടക്കം നടത്തുന്ന കോട്ടിംഗുകളെക്കുറിച്ച് മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് പ്യുവർ ആന്റ് അപ്ലൈഡ് ഫിസിക്സ് സെമിനാർ ഹാളിൽ പ്രഭാഷണം നടന്നു. ബ്രിട്ടണിലെ ടാറ്റ സ്റ്റീൽ റിസർച്ച് ആന്റ്

ഡെവലപ്മെന്റിലെ സർഫേസ് എഞ്ചിനീയറിംഗ് വകുപ്പിലെ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. ശ്രീധര ശർമ്മ പ്രഭാഷണം നടത്തി. വിവിധ മേഖലയിൽ ഉപയോഗിക്കുന്ന സ്റ്റീലുകളെക്കുറിച്ചും അവയുടെ പ്രത്യേകതകളെക്കുറിച്ചും വിവരിച്ചു. വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് അധ്യക്ഷത വഹിച്ചു. സ്‌കൂൾ ഓഫ് പ്യുവർ ആന്റ് അപ്ലൈഡ് ഫിസിക്‌സ് ഡയറക്ടർ പ്രൊഫ. നന്ദകുമാർ കളരിക്കൽ പ്രസംഗിച്ചു.

## ഫോട്ടോ ക്യാപ്ഷൻ

**പോളിമറുകൾ, മെറ്റലുകൾ, സെറാമിക്‌സ് എന്നിവ ഉപയോഗിച്ച് സ്റ്റീലിലടക്കം നടത്തുന്ന കോട്ടിംഗുകളെക്കുറിച്ച് മഹാത്മാ ഗാന്ധി സർവകലാശാല സ്‌കൂൾ ഓഫ് പ്യുവർ ആന്റ് അപ്ലൈഡ് ഫിസിക്‌സ് സെമിനാർ ഹാളിൽ ബ്രിട്ടണിലെ ടാറ്റാ സ്റ്റീൽ റിസർച്ച് ആന്റ് ഡെവലപ്മെന്റിലെ സർഫേസ് എഞ്ചിനീയറിംഗ് വകുപ്പിലെ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. ശ്രീധര ശർമ്മ പ്രഭാഷണം നടത്തുന്നു**

(പി.ആർ.ഒ./39/1614/2019)

## ഓണം അവധി സെപ്റ്റംബർ ആറു മുതൽ 15 വരെ

മഹാത്മാ ഗാന്ധി സർവകലാശാലയ്ക്ക് കീഴിലുള്ള കോളേജുകൾ ഓണം അവധിക്കായി സെപ്റ്റംബർ ആറിന് അടയ്ക്കും. അവധിക്കുശേഷം സെപ്റ്റംബർ 16ന് തുറക്കും.

(പി.ആർ.ഒ./39/1615/2019)

## വൈവാവോസി

2019 ഏപ്രിലിൽ നടന്ന രണ്ടാം വർഷ ബി.ഫാം സപ്ലിമെന്ററി പരീക്ഷയുടെ വൈവാവോസി സെപ്റ്റംബർ രണ്ടുമുതൽ ഏഴുവരെ ചെറുവാണ്ടൂർ സീപാസിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ.

(പി.ആർ.ഒ./39/1616/2019)

## രണ്ടാം സെമസ്റ്റർ ബിരുദ ഉത്തരക്കടലാസ് മൂല്യനിർണയം സെപ്റ്റംബർ മൂന്നു മുതൽ

രണ്ടാം സെമസ്റ്റർ ബിരുദ പരീക്ഷയുടെ (സി.ബി.സി.എസ്.) ഉത്തരക്കടലാസ് മൂല്യനിർണയം (ഹോം വാല്യുവേഷൻ സ്‌പെഷൽ സ്‌കീം) എട്ട് മേഖലാ ക്യാമ്പുകളിലായി സെപ്റ്റംബർ മൂന്നിന് തുടങ്ങും. ആലുവ യു.സി. കോളേജ്, തൃപ്പൂണിത്തുറ ചിന്മയ വിദ്യാപീഠം, മൂവാറ്റുപുഴ നിർമ്മല കോളേജ്, ചങ്ങനാശ്ശേരി ക്രിസ്തുജ്യോതി കോളേജ്, കോട്ടയം ബി.സി.എം. കോളേജ്, പാലാ അൽഫോൻസാ കോളേജ്, കട്ടപ്പന ലബ്ബക്കട ജെ.പി.എം. കോളേജ്, കോഴഞ്ചേരി സെന്റ് തോമസ് കോളേജ് എന്നിവിടങ്ങളിലാണ് ക്യാമ്പ്. സെപ്റ്റംബർ മൂന്നിന് ബി.കോം, നാലിന് കോമൺ കോഴ്‌സുകൾ (ഇംഗ്ലീഷ്, മലയാളം, ഹിന്ദി), അഞ്ചിന് ബി.എ. (എല്ലാ വിഷയങ്ങളും), ബി.ബി.എ., ബി.സി.എ. തുടങ്ങി എല്ലാ പുതുതലമുറ കോഴ്‌സുകളും, ആറിന് ബി.എസ്‌സി. (എല്ലാ വിഷയങ്ങളും) എന്ന നിലയിലാണ് ക്രമീകരിച്ചിരിക്കുന്നത്. അധ്യാപകർ അതത് ദിവസങ്ങളിൽ രാവിലെ 9.30ന് ക്യാമ്പിലെത്തി ഉത്തരക്കടലാസുകൾ ഏറ്റുവാങ്ങണം.

(പി.ആർ.ഒ./39/1617/2019)

## പരീക്ഷഫലം

2019 ജനുവരിയിൽ നടന്ന ഒന്നാം സെമസ്റ്റർ എൽ.എൽ.എം. (റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും സെപ്റ്റംബർ 16 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1618/2019)

2019 മെയിൽ നടന്ന അഞ്ചാം സെമസ്റ്റർ മാസ്റ്റർ ഓഫ് സയൻസ് മെഡിക്കൽ ബയോകെമിസ്ട്രി (റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് സെപ്റ്റംബർ 16 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1619/2019)

## പി.എച്ച്.ഡി. നൽകി

സൈക്കോളജിയിൽ റ്റെസി ഗ്രേസ് മാത്യൂസ്, മാനേജ്‌മെന്റ് സ്റ്റഡീസിൽ പി.സി. ഭാഗ്യലക്ഷ്മി, സൈക്കോളജിയിൽ എം.എസ്. ഗായത്രി ദേവി, കെമിസ്ട്രിയിൽ അർച്ചന അരവിന്ദ്, സിജോ ഫ്രാൻസീസ്,

അശ്വതി ജോസഫ്, ഗ്രേയ്സ് മോനി, കെ. കീർത്തി കൃഷ്ണൻ, ബിഹേവിയറൽ സയൻസസിൽ (റീഹാബിലിറ്റേഷൻ മെഡിസിൻ) എസ്. ഗിരിജ, ഫിസിക്സിൽ ഹെയ്സൽ മാത്യു, റിജു കെ. തോമസ്, വി.പി. പ്രകാശൻ, കമ്പ്യൂട്ടർ സയൻസസിൽ രാജ വർമ്മ പമ്പ, ബയോസയൻസസിൽ (സുവോളജി) വി.എസ്. സുനിത, ബയോസയൻസസിൽ (ബയോകെമിസ്ട്രിയിൽ) റൂബി വർഗീസ്, പി. ബിനു, ഇലക്ട്രോണിക്സിൽ കെ.കെ. അജു ജോൺ, മൈക്രോബയോളജിയിൽ സ്മിത വിജയൻ, ബോട്ടണിയിൽ പി. അമ്പിളി, ബയോസയൻസസിൽ (മെഡിക്കൽ മൈക്രോബയോളജി) ഷിജി മാത്യു, ഫാർമസിയിൽ ആർ. കണ്ണൻ, റീഹാബിലിറ്റേഷൻ നഴ്സിങിൽ എം. നന്ദിനി, ലോയിൽ എച്ച്. സുമയ്യ എന്നിവർക്ക് പി.എച്ച്.ഡി. നൽകാൻ മഹാത്മാ ഗാന്ധി സർവകലാശാല സിൻഡിക്കേറ്റ് തീരുമാനിച്ചു.

(പി.ആർ.ഒ./39/1620/2019)

## എം.ജി. സർവകലാശാല എൻ.എസ്.എസ്.

## ത്രിദിന നേതൃത്വ പരിശീലന ക്യാമ്പിന് തുടക്കം

മഹാത്മാ ഗാന്ധി സർവകലാശാല നാഷണൽ സർവീസ് സ്കീം വോളണ്ടിയർ സെക്രട്ടറിമാർക്കുള്ള ത്രിദിന നേതൃത്വ പരിശീലന ക്യാമ്പിന് മണർകാട് സെന്റ് മേരീസ് കോളേജിൽ തുടക്കം. സർവകലാശാല പ്രോ വൈസ് ചാൻസലർ പ്രൊഫ. സി. റ്റി. അരവിന്ദകുമാർ ഉദ്ഘാടനം നിർവഹിച്ചു. സിൻഡിക്കേറ്റംഗം പ്രൊഫ. ടോമിച്ചൻ ജോസഫ് അധ്യക്ഷത വഹിച്ചു.

സിൻഡിക്കേറ്റംഗം ഡോ. ആർ. പ്രഗാഷ്, കോളേജ് മാനേജർ ഫാ. കുര്യാക്കോസ് കാലായിൽ, പ്രിൻസിപ്പൽ ഡോ. പുന്നൻ കുര്യൻ, എൻ.എസ്.എസ്. പ്രോഗ്രാം കോ-ഓർഡിനേറ്റർ പ്രൊഫ. എം.ജെ. മാത്യു, പ്രോഗ്രാം ഓഫീസർ പ്രൊഫ. സി.ജി. മഞ്ജുഷ എന്നിവർ പ്രസംഗിച്ചു. ഡോ. കെ. സാബുക്കുട്ടൻ, ജി. ശ്രീകുമാർ, ഡോ. എം.സി. ദിലീപ്കുമാർ, ഡോ. എം.എസ്. സുനിൽ, ജി.പി. സജിത് ബാബു, ഡോ. സി. അനിത ശങ്കർ, പ്രൊഫ. ജോയി ജോസഫ് എന്നിവർ വിവിധ വിഷയങ്ങളിൽ ക്ലാസെടുത്തു. ഡോ. ടോംസ് എബ്രഹാം യോഗ ക്ലാസെടുത്തു. ഇന്ന് (സെപ്തംബർ 1) രാവിലെ 11ന് സമാപന സമ്മേളനവും ഉദ്ഘാടനവും സർട്ടിഫിക്കറ്റ് വിതരണവും വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് നിർവഹിക്കും.

## ഫോട്ടോ കാപ്ഷൻ

**മഹാത്മാ ഗാന്ധി സർവകലാശാല നാഷണൽ സർവീസ് സ്കീം വോളണ്ടിയർ സെക്രട്ടറിമാർക്കുള്ള ത്രിദിന നേതൃത്വ പരിശീലന ക്യാമ്പ് മണർകാട് സെന്റ് മേരീസ് കോളേജിൽ പ്രോ വൈസ് ചാൻസലർ പ്രൊഫ. സി. റ്റി. അരവിന്ദകുമാർ ഉദ്ഘാടനം ചെയ്യുന്നു**

(പി.ആർ.ഒ./39/1621/2019)

## English Press Release

# A novel system for air pollution monitoring facilitated in MGU

M G University has come up with a new facility for air pollution monitoring. The newly installed mobile ambient air pollution monitoring systemis able to monitor continuously different air pollutants such as $PM_{10}$, $PM_{2.5}$, SOx, NO, $NO_2$, NOx, CO, $CO_2$ and $O_3$ simultaneously. This is the only mobilecontinuous monitoring facility in the state to measure Air quality. The mobile unit can be transported to anywhere which helps to monitor airs pollution in locations where no monitoring was conducted earlier. The mobile ambient air pollution monitoring van provides data for every minute. The continuous sampling will provide more data on specific locations which provides the peak time of emissions on that particular location. This enables public to take precautionary measures for better health protection. The air pollution studies required continuous and uninterrupted data to identify locations of polluted area. . Only 34 locations are monitored for air pollution by SPCB and CPCB in Kerala and only one continuous air pollution monitoring station is installed in Kerala (ie, Thiruvananthapuram), which is immovable. More areas are showing higher incidence of deteriorated air quality where data on air quality is still unknown. The conventional air pollution monitoring involves many personals and equipments for chemical

analysis bring chances of errors. This adversely affects in formulating a well-designed control measures for the region.The Mobile Ambient Air Quality Monitoring Station (MAAQMS) which can be transported to different locations to carry out monitoring of air quality in any locations andbrings more reliable data on air pollution. The data will be supplemented to the pollution control board for better policy formulation in the future.

The facility will be inaugurated on 3rd September 9.30 am by Dr. Sabu Thomas, Vice Chancellor, MG University in presence of Dr. Ajith Haridas, Chairman, Kerala State Pollution Control Board (KSPCB), Dr. C.T. Aravindakumar, Pro-Vice Chancellor, Adv. P.K. Harikumar, Syndicate Member, Prof. K. Jayachandran, Syndicate Member, Mr. Sajimon, KSPCB, Dr. Mahesh Mohan, Dr. Ramasamy, Dr.Baiju and Dr. Sylas. The inauguration will be followed by talks on different aspects of air pollution by Prof. Dr. Madhumika Agrawal, Prof. Dr. Agrawal (BHU), Prof. Dr. Usha and Dr Abhilash (CUSAT).

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ